3943
22/10/12

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് -2004 - 09 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിൽ രഹിതരായ വിദ്യാർത്ഥികൾക്ക് പലിശ ഇളവ് നൽകുന്നത് സംബന്ധിച്ച 2012-13 ലെ ബജറ്റ് നിർദ്ദേശം നടപ്പാക്കുന്നത് മാർഗ്ഗരേഖ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ്

സ.ഉ (കയ്യെഴുത്ത്) നം. 36/12/പ്ലാനിംഗ് തിരുവനന്തപുരം തീയതി. 18/10/2012

പരാമർശം - സ.ഉ(സാധാ) നം. 132/12/പ്ലാനിംഗ് തീയതി 10/04/2012.

**ഉത്തരവ്**

2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബിപിഎൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-13 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനായി ബാങ്കുകളുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കുന്നതിനും സർക്കാർ മുഖേന സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും ബാങ്കുകൾ നേരിട്ട് സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും അടുത്ത ആറ് മാസത്തേയ്ക്ക് നിർത്തിവയ്ക്കാൻ ബാങ്കുകളോട് ആവശ്യപ്പെടുവാനും 28/3/2012-ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചിരുന്നു. അതനുസരിച്ച് പരാമർശത്തിലെ ഉത്തരവ് പ്രകാരം ബാങ്കുകൾ നേരിട്ട് സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും സർക്കാർ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും അടുത്ത 6 മാസത്തേയ്ക്ക് നിർത്തിവയ്ക്കാൻ ഉത്തരവായി.

2) 2012-13 ബജറ്റ് പ്രസംഗത്തിലെ മേൽപ്പറഞ്ഞ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുവേണ്ടി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

i) 2004-09 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പകൾക്കുള്ള പലിശ ഇളവ് സംസ്ഥാന തദ്ദേശ സ്വയംഭരണവകുപ്പിന്റെ നടപ്പ് ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ള തൊഴിൽരഹിതരായ വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും.

ii). ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന്, വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കാണ് പലിശയിളവിന് അർഹതയുള്ളത്.

iii). പഠന കാലയളവ്, പ്രവേശനതീയതി മുതൽ പരീക്ഷാഫലം പ്രസിദ്ധീകരണതീയതി വരെ എന്നതിന് വിധേയമായി, പഠനകാലയളവിൽ മാത്രം പലിശ ഇളവ് അനുവദിക്കുന്നതാണ്.

iv). യോഗ്യരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പലിശയിളവ് കണക്കാക്കി അനുവദിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് ജില്ലാ കളക്ടർക്ക് ആയിരിക്കും.

v) പലിശയിളവിനാവശ്യമായ തുക ജില്ലാ കളക്ടർമാർക്ക് നൽകുന്നതിനുള്ള ചുമതലയും ഈ ആവശ്യത്തിനുള്ള തുകയുടെ നിയന്ത്രണാധികാരിയും ആസൂത്രണ സാമ്പത്തിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആയിരിക്കും.

vi) വിപുലമായ പ്രചരണം നടത്തിക്കൊണ്ട് തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന അപേക്ഷകരിൽ നിന്ന് അനുബന്ധമായികൊടുത്തിട്ടുള്ള പ്രഫോമയിൽ പലിശ ഇളവിനുള്ള അപേക്ഷ ജില്ലാ കളക്ടർമാർ ക്ഷണിക്കേണ്ടതും, ലഭിക്കുന്ന അപേക്ഷ യോഗ്യതാനുസരണമാണെന്ന് നിർണ്ണയിച്ചതിനുശേഷം അപേക്ഷയുടെ ഓരോ പകർപ്പ് ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചുകൊടുക്കേണ്ടതും ബന്ധപ്പെട്ട ബാങ്കുകൾ പലിശ തുക കണക്കാക്കി ജില്ലാ കളകടർമാരെ അറിയിക്കേണ്ടതും, അവർ അനുവദനീയമായ തുക പാസ്സാക്കി ഉത്തരവ് സഹിതം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. ജില്ലാ കളക്ടർക്ക് ആവശ്യമായ ഫണ്ട് ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൈമാറ്റം ചെയ്യുകയും ജില്ലാ കളക്ടർമാർ വായ്പക്കാരുടെ ലോൺ അക്കൗണ്ടിലേയ്ക്ക് ടി തുക അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

vii) ബാങ്കുകൾ പഠന കാലത്തെ പലിശ ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ സാധാരണ പലിശ നിരക്കിലാണോ കണക്കാക്കിയിട്ടുള്ളതെന്ന് ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

3) മേല്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര പരിഗണന നൽകി ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല അതാത് ജില്ലാ കളക്ടർമാർക്ക് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ഡോ.വി.പി.ജോയ്

പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ ജില്ലാ കളക്ടർമാർക്കും
ജനറൽ മാനേജർ, സംസ്ഥാനതല ബാങ്കിംഗ് സമിതി ( എല്ലാ ബാങ്കുകൾക്കും അയച്ചുകൊടുക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡമിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ (കവറിംഗ് ലറ്റർ സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി (കവറിംഗ് ലറ്റർ സഹിതം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ് (ഐറ്റം നം. പ്രകാരം
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

വകർപ്പ്:- ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആസൂത്രണസാമ്പത്തികകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വിവര പൊതുജന സമ്പർക്ക (എ) വകുപ്പിന്
ധനകാര്യവകുപ്പിന് (65184//പ്ലാനിംഗ്.എ2/12/ധന യു.ഒ നം. പ്രകാരം)
ഉന്നതവിദ്യാഭ്യാസ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം

## 2004 - 2009 കാലത്ത് വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് പലിശയിളവനുവദിക്കുന്നതിനുള്ള അപേക്ഷാഫാറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേരും വിലാസവും (വില്ലേജ്, പഞ്ചായത്ത്, താലൂക്ക്, ജില്ല ഉൾപ്പെടെ) | ശ്രീ/ശ്രീമതി |
| 2. | അച്ഛൻ/അമ്മ/രക്ഷാകർത്താവിന്റെ പേര് | ശ്രീ/ശ്രീമതി |
| 3. | അപേക്ഷകൻ പൂർത്തിയാക്കിയ കോഴ്സും, പഠിച്ച കാലയളവും | |
| 4. | അപേക്ഷകൻ പഠിച്ച സ്ഥാപനത്തിന്റെ പേരും മറ്റു വിവരങ്ങളും | |
| 5. | പഠനത്തിന് ചേർന്ന തീയതി | |
| 6. | പഠനം പൂർത്തിയാക്കിയ തീയതി | |
| 7. | ഫലം പ്രഖ്യാപിച്ച/പ്രസിദ്ധീകരിച്ച തീയതി | |
| 8. | ലഭിച്ച മാർക്ക് (%) | |
| 9. | തദ്ദേശസ്വയംഭരണവകുപ്പിന്റെ നിലവിലുള്ള BPL പട്ടികയിൽ അപേക്ഷകന്റെ കുടുംബം ഉൾപ്പെട്ടിട്ടുണ്ടോ | |
| 10. | BPL പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതിനുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട BDO യിൽ നിന്ന് ഹാജരാക്കിയിട്ടുണ്ടോ? | |
| 11. | അപേക്ഷകൻ ഉൾപ്പെട്ട BPL റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടോ? | |
| 12. | അപേക്ഷകൻ തൊഴിൽരഹിതനാണോ? | |
| 13. | തൊഴിൽ രഹിതനാണെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ? | |
| 14. | അപേക്ഷകൻ തൊഴിൽരഹിതനാണെന്നുള്ള സാക്ഷ്യപത്രം(വില്ലേജ് ഓഫീസർ/ പഞ്ചായത്ത് പ്രസിഡന്റ്/ഗസറ്റഡ് ഓഫീസർ എന്നിവരിൽ നിന്നുമുള്ളത്) ഹാജരാക്കിയിട്ടുണ്ടോ? | |
| 15. | വിദ്യാഭ്യാസ വായ്പയായി ലഭിച്ച ആകെ തുക | |
| 16. | ആദ്യവായ്പാഗഡു അനുവദിച്ച തീയതി | |
| 17. | രണ്ടാം ഗഡു അനുവദിച്ച തീയതി | |
| 18. | മൂന്നാം ഗഡു അനുവദിച്ച തീയതി | |
| 19. | നാലാം ഗഡു അനുവദിച്ച തീയതി | |
| 20. | വായ്പയുടെ പലിശ നിരക്ക് | |
| 21. | അപേക്ഷകന്റെ കണക്കുകൂട്ടലിൽ പഠനകാലത്തെ പലിശ തുക എത്ര (കോഴ്സിനു പ്രവേശനം ലഭിച്ച തീയതി മുതൽ ഫലപ്രഖ്യാപനം വരെയുള്ള കാലത്തെ പലിശ) | |
| 22. | അപേക്ഷകൻ------- മുതൽ----വരെ --------------------- സ്ഥാപനത്തിലെ ഒരു വിദ്യാർത്ഥി ആയിരുന്നെന്നും -----കോഴ്സ് പഠിക്കുകയായിരുന്നെന്നും -------% മാർക്ക് നേടി -------വർഷത്തിൽ നടത്തിയ പരീക്ഷ പാസ്സായെന്ന് ----/കോഴ്സ് പൂർത്തിയായെന്നും കാണിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടോ? | |